LIBRARY ARCHIVES Kerala Legislative Assembly

നാട്ടിക നിയോജകമണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം

21 (2259) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക നിയോജക മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ ;

(ബി) സമ്പൂർണ്ണമായി വൈദ്യുതീകരിച്ച മണ്ഡലമായി നാട്ടികയെ മാറ്റാനുള്ള പദ്ധതി സമർപ്പിച്ചാൽ പരിഗണിക്കുമോ ;

(സി) സംവരണ മണ്ഡലങ്ങൾക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും മുൻഗണന നിലവിലുണ്ടോ ; ഇല്ലെങ്കിൽ മുൻഗണന നല്കാനായുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2009-ൽ നാട്ടിക നിയോജക മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയതായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. മണ്ഡലം തിരിച്ചുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ഇപ്പോൾ നിലവിലില്ല.

(ബി) 3-12-2014-ലെ കണക്കനുസരിച്ച് നാട്ടിക നിയോജക മണ്ഡലത്തിൽ സർവ്വീസ് കണക്ഷനുകൾക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. ഇനിയും വൈദ്യുതീകരിക്കാത്ത വീടുകൾക്ക് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് എടുത്തു നൽകുന്നതും ടി തുക ഒടുക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതുമാണ്. അപ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയ മണ്ഡലമായി നാട്ടികയെ മാറ്റുന്നതിനുള്ള പദ്ധതി സമർപ്പിച്ചാൽ പരിഗണിക്കാവുന്നതാണ്.

(സി) ഇല്ല. ബാധകമല്ല.

വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും സൗരോർജത്തിന് മുൻതൂക്കം നൽകുന്നതിനും നിയമനിർമ്മാണം

22 (2260) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. പാലോട് രവി :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും സൗരോർജത്തിന് മുൻതൂക്കം നൽകി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമുതകുന്ന വിധത്തിൽ നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങളെന്തെല്ലാം;

(സി) എത്ര ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടുകൾക്കാണ് പ്രസ്തുത നിയമം ബാധകമാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) 25-11-2013-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 49/2013/ഊ.വ. ഉത്തരവു പ്രകാരം രൂപം നൽകിയ സൗരോർജ്ജ നയത്തിന്റെ ചുവട് പിടിച്ച് നിയമ നിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) സൗരോർജ്ജ നയത്തിൽ 2017-ഓടെ 500 മെഗാവാട്ടും 2030 ഓടെ 2500 മെഗാവാട്ടും സൗരോർജ്ജ വൈദ്യുതി ഉത്പാദന ശേഷിയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സൗരോർജ്ജ വൈദ്യുത പ്ലാന്റുകൾ വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിന് കേന്ദ്ര വൈദ്യുതി അതോറിറ്റി നോട്ടിഫൈ ചെയ്തിട്ടുള്ള സാങ്കേതിക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച നടപടി ചട്ടങ്ങളുടെ കരട് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് അന്തിമമാക്കി ഉടൻ പ്രസിദ്ധീകരിക്കുന്നതു വഴി സംസ്ഥാനത്ത് സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനത്തിൽ ഒരു കുതിച്ചുചാട്ടം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. പരിശീലന പദ്ധതി നടപ്പാക്കി സൗരോർജ്ജ സംവിധാനങ്ങൾ വ്യാപിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള മാനുഷിക വിഭവശേഷി സൃഷ്ടിക്കുക, സോളാർ സംവിധാനങ്ങൾ വ്യാപിപ്പിക്കുന്നതിലേക്കായി സംസ്ഥാനത്ത് തൊഴിൽ സംരംഭകരെയും വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കുക, വൈദ്യുതോല്പാദന രംഗത്ത് ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക തുടങ്ങിയവയ്ക്ക് സൗരോർജ്ജ നയം ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) 2000 Sq.ft. അധികം തറ വിസ്തീർണ്ണമുള്ള ഗാർഹിക കെട്ടിടങ്ങളിൽ സൗരോർജ്ജ ഉപയോഗം നിർബന്ധമാക്കാനാണ് ഉദ്ദേശിക്കുന്നത്. 2000 മുതൽ 3000 Sq. ft. തറ വിസ്തീർണ്ണമുള്ള എല്ലാ പുതിയ ഗാർഹിക കെട്ടിടങ്ങളിലും 500 വാട്ട് സൗരോർജ്ജ വൈദ്യുതി പ്ലാന്റും 3000-ത്തിലേറെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ 1000 വാട്ട് സൗരോർജ്ജ വൈദ്യുത പ്ലാന്റുകളും നിർബന്ധമാക്കണമെന്ന് സൗരോർജ്ജനയം വിഭാവനം ചെയ്യുന്നു.

(ഡി) സൗരോർജ്ജ നയത്തിൽ അതിന്റെ നടത്തിപ്പിനായി ഒരു സംസ്ഥാനതല എംപവേഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിയമനിർമ്മാണ നടപടികൾ സംബന്ധിച്ച് ആദ്യഘട്ട ചർച്ച നടക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly